# E താളുകൾ

## ഡിജിറ്റൽ മാഗസിൻ 2023-24




## മീനാക്ഷി വിലാസം ഗവ. വൊക്കേഷണൽ & ഹയർ സെക്കന്ററി സ്കൂൾ, പേരൂർ, കൊല്ലം

# സമർപ്പണം

വിജ്ഞാനത്തിന്റെ ക്ഷരമില്ലാത്ത അനന്തവിഹായസിലേക്ക് അനേകം തലമുറയെ പിച്ചവച്ച് നടത്തിയ മീനാക്ഷി വിലാസം എന്ന പ്രൗഢയായ വിദ്യാലയ മുത്തശ്ശിക്ക്.....

# സന്ദേശം

## പ്രഥമാധ്യാപിക



## ശ്രീമതി.ഷീന എ

വിവരസാങ്കേതിക വിദ്യയുടെ ലോകം ഇന്ന് അതിവിശാലമാണ് , സാധ്യതകൾ അനന്തവും .ആ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ച നടത്തുന്ന പ്രസ്ഥാനമാണ് ലിറ്റിൽ കൈറ്റ്സ്. ഐടി മേഖലയിൽ കുട്ടികളുടെ അറിവും പരിചയവും വർദ്ധിപ്പിക്കുന്നതിനായി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ മാഗസിന് എല്ലാവിധ വിജയാശംസകളും നേരുന്നു .ഈ മാഗസിന്റെ അണിയറ പ്രവർത്തകരെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. നിങ്ങൾ തയ്യാറാക്കിയ ഈ മാഗസിൻ അതിന്റെ ലക്ഷ്യം കൈവരിക്കട്ടെ എന്ന് ആശംസിക്കുന്നു...

# സന്ദേശം

## പ്രിൻസിപ്പാൾ(HSS)



## ശ്രീമതി.രേണുക V R

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പാഠ്യ-പാഠ്യേതര രംഗങ്ങളിൽ 79 വർഷങ്ങളായി നമ്മുടെ മീനാക്ഷി വിലാസം ഗവൺമെൻറ് സ്കൂൾ തനതായ വ്യക്തിമുദ്ര പതിപ്പിച്ച് മുന്നേറുകയാണ്. ഓരോ അക്കാമിക് വർഷങ്ങളിലും റിസൾട്ടിലും കലാകായിക രംഗങ്ങളിലും നമ്മുടെ സ്കൂളിലെ ചുണക്കുട്ടികൾ സ്കൂളിന്റെ അഭിമാനഭാജനങ്ങളാകുന്നു. ഈ അവസരത്തിൽ കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഇത്തരം സന്ദർഭങ്ങൾ സ്കൂളിന്റെ വളർച്ചയ്ക്ക് ശക്തിപകരും. ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ ...

# സന്ദേശം

## പ്രിൻസിപ്പാൾ(VHSS)



## ശ്രീ.രാജേഷ് കുമാർ S

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂളുകളോടൊപ്പം കുട്ടികളെയും ഹൈടെക് ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പരിചയപ്പെടുന്നതിനും പരിശീലനം നൽകുന്നതിനും ആരംഭിച്ച സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്. ഇതിനോട് അനുബന്ധിച്ച് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. കയ്യെഴുത്ത് മാഗസിനുകളിൽ നിന്നും വ്യത്യസ്തമായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിദ്യാർത്ഥികൾ തന്നെ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ലോകത്തെ മുഴുവൻ ആളുകൾക്കും സ്കൂളിലെ സൃഷ്ടികൾ കാണാൻ അവസരം ഒരുക്കുന്നു. ഇത് യാഥാർത്ഥ്യമാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച ഓരോ ലിറ്റിൽ കൈറ്റ്സ് അംഗത്തെയും നേതൃത്വം നൽകിയ അധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. തുടർന്നും മികവാർന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിക്കട്ടേ എന്ന് ആശംസിക്കുന്നു ...

# ഉള്ളടക്കം

ആമുഖം 6

ലേഖനം ഹരിനന്ദ് ആർ 8 D 8

എഡിറ്റോറിൽ 7

കഥ ആമിന എ 7 B 9

കവിത സാന്ദ്ര എ 7 B 10

യാത്രാനുഭവം ദേവദർഷ് ബി 8 D 11

കവിത ലക്ഷ്മി ബി 7 B 12

സ്കൂൾ മികവുകൾ 14 - 19

# ആമുഖം

വിവര സാങ്കേതികവിദ്യയുടെ കൈപിടിച്ച് വിജ്ഞാനമേഖലകളിൽ വ്യാപരിക്കാൻ കുട്ടികളെ പര്യാപ്തരാക്കുന്ന ലിറ്റിൽകൈറ്റ്സ്: കുട്ടികളിലെ ഭാവനാ ശേഷിയുപയോഗപ്പെടുത്താൻ ഒപ്പം അച്ചടി വിദ്യയിലെ ഡിജിറ്റൽ മേഖലകൾ പരിചയപ്പെടുത്താൻ ഒരു മാഗസിൻ എന്ന സ്വപ്നം ഇവിടെ യാഥാർത്ഥ്യമാവുകയാണ്. കുരുന്ന് ചിന്തകൾ സ്വപ്നങ്ങൾ ഒക്കെ സാങ്കേതികവിദ്യയുമായി കൈകോർക്കുന്ന ഈ സംരംഭം ഏവർക്കുമായി സവിനയം സമർപ്പിക്കുന്നു.

സ്വീകരിച്ചാലും . . .

# എഡിറ്റോറിയൽ

ശ്രീപാർവ്വതി G A



ചീഫ് എഡിറ്റർ



ആദർശ് A

## അസിസ്റ്റന്റ് എഡിറ്റേഴ്സ്



അഭിനന്ദ A



അനുഗ്രഹ R S



മുഹമ്മദ് സിദ്ധിഖ്



ദക്ഷിണ

## സാങ്കേതിക സഹായം

KITE Mistress



ശ്രീമതി. വിമിത്ര



ശ്രീമതി. ശ്രീജ

# ലേഖനം

ഹരിനന്ദ് R
8 D



## മലയാളം

മാമലനാടിന്റെ ഭാഷ,കിളിമൊഴിയായ ഭാഷ, മധുരം കിനിയുന്ന ഭാഷ,എന്റെ മാതൃഭാഷയായ മലയാളം.മലയാളം ലോക പ്രസിദ്ധമാണ്.കേരളസംസ്ഥാനത്തിലും ലക്ഷദ്വീപിലുമാണ് മലയാളം കൂടുതലായി സംസാരിക്കുന്നത്. ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. മലയാള ഭാഷ, കൈരളി എന്നും അറിയപ്പെടുന്നു. ഇന്ത്യക്ക് പുറത്ത് പല രാജ്യങ്ങളിലും മലയാളം ഉപയോഗിക്കുന്നു.

മലയാളം ഒരു ദ്രാവിഡ ഭാഷയാണ്. പഴയ തമിഴ് ഭാഷയാണ് മലയാളത്തിന്റെ ആദ്യരൂപം. മലയാളം സംസാരിക്കുന്നവരെ മലയാളികൾ എന്ന് പറയുന്നു.
അവരെ കേരളീയർ എന്നും വിളിക്കുന്നു. ലോകത്തിൽ 3.5കോടി ജനങ്ങൾ ഇപ്പോഴും മലയാളം സംസാരിക്കുന്നു.തമിഴ്,സംസ്കൃതം എന്നീ ഭാഷകളുടെ സംഗമമാണ് മലയാളം. ലോകത്തിന്റെ ഏതു കോണിൽ ചെന്നാലും ഒരു മലയാളിയുണ്ട് എന്നത് ഒരു ശൈലിയാണ്.

ചരിത്രം

പാശ്ചാത്യ ചരിത്രകാരനായ കാൾഡ്വൽ ആണ് മലയാളത്തെപറ്റി ആദ്യമായി ഗവേഷണം നടത്തിയത്. ഉള്ളൂരും രാജവർമ്മയും മലയാളത്തെപറ്റി പഠനം നടത്തിയിട്ടുണ്ട്. തമിഴ് ഭാഷയിൽ നിന്നാണ് മലയാളം ഉത്ഭവിച്ചിരിക്കുന്നത്. സംസ്കൃതത്തിന്റെയും സ്വാധീനം മലയാള ഭാഷയിൽ കാണാം. മലയാള ഭാഷയ്ക്ക് ഇപ്പോൾ ഏകദേശം 2300 വർഷങ്ങളുടെ പഴക്കമുണ്ട്. പണ്ട് കേരളം തമിഴകത്തിന്റെ ഭാഗം ആയിരുന്നു. അന്നത്തെ തമിഴിലെ പല സാഹിത്യകാരന്മാരും മലയാളികൾ ആയിരുന്നു. ഉദാഹരണത്തിന് ഇളങ്കോവടികൾ,കുലശേഖര ആഴ്വാർ തുടങ്ങിയവർ മലയാളികൾ ആയിരുന്നു.

ആദ്യകാലങ്ങളിൽ തമിഴിന്റെ സ്വാധീനത്തിൽ ജീവിച്ച് പിന്നീട് സ്വതന്ത്രമായി മാറുകയായിരുന്നു .മലയാള സാഹിത്യത്തെ രണ്ടായി തരം തിരിക്കാം. ആദ്യം പ്രാചീന സാഹിത്യം രണ്ടാമത് ആധുനിക സാഹിത്യം. മലയാളഭാഷയും ലഭ്യമായ ഏറ്റവും പുരാതനമായ ലിഖിതം വാഴപ്പള്ളി ലിഖിതമാണ് . മലയാളഭാഷയിൽ പലതരം സാഹിത്യരൂപങ്ങളും, കവിത നോവൽ ചെറുകഥ, ആട്ടക്കഥ, ജീവചരിത്രം വിമർശനം, നാടകം, ബാലസാഹിത്യം, താരതമ്യം, യാത്രാവിവരണം തുടങ്ങിയ പല സാഹിത്യ വിഭാഗങ്ങളും മലയാളത്തിൽ ഉണ്ട്. നിരവധി കലാകാരന്മാർ വളർന്ന മണ്ണാണ് മലയാളം .ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, വള്ളത്തോൾ, കുമാരനാശാൻ ഉള്ളൂർ, സന്തോഷ് ഏച്ചിക്കാനം, സുഗതകുമാരി ,മാധവിക്കുട്ടി തുടങ്ങിയ പല കവികളും വളർന്നത് മലയാള ഭാഷയിൽ ആണ്. ॥ം നാടോടി സംഗീതം ,ശാസ്ത്രീയ സംഗീതം, വടക്കൻ പാട്ടുകൾ തെക്കൻ പാട്ടുകൾ, നാടൻ പാട്ടുകൾ, അനുഷ്ഠാന പാട്ടുകൾ, കിളിപ്പാട്ടുകൾ, വഞ്ചിപ്പാട്ടുകൾ, സോപാനസംഗീതം, കഥകളി സംഗീതം, തുടങ്ങിയ പല ശ്രവ്യ കലകളും കൂത്ത്, കൂടിയാട്ടം കഥകളി , തുള്ളൽ ,പടയണി ,മുടിയേറ്റ് ,തെയ്യം ,ഗരുഡൻ തൂക്കം, കൃഷ്ണനാട്ടം, കാവടിയാട്ടം തുടങ്ങിയവ മലയാളത്തിലെ അനുഷ്ഠാന കലാരൂപങ്ങളാണ് . മലയാളം ഒരു ശ്രേഷ്ഠ ഭാഷയാണ് . കവിതകളും കഥകളും മാത്രമല്ല ഒട്ടേറെ ദൃശ്യ കലാരൂപങ്ങളും ശ്രവ്യ കലാരൂപങ്ങളും നിറഞ്ഞതാണ് മലയാളം. കേരളം തനിമയെ ഉൾക്കൊണ്ട ഭാഷയാണ് മലയാളം. പാശ്ചാത്യഭാഷകളിലേക്ക് പോയാലും അവർ ചിന്തിക്കുന്ന ഭാഷ മലയാളമായി. മലയുടെയും പുഴയുടെയും വീശുന്ന കാറ്റിന്റെയും വിളികളുടെ ശബ്ദത്തിന്റെയും മധുരമുള്ള ഭാഷയാണ് മലയാളം എന്റെ അഭിപ്രായത്തിൽ മനോഹരമായ ഭാഷ മലയാളമാണ്

# കഥ

ആമിന A
7 B



## സന്തോഷമുള്ള ലോകത്തെ സൃഷ്ടിക്കാം

ഒരാൾ നന്നായാൽ അയാളുടെ നാടും നന്നാവും എന്ന് നാം കേട്ടിട്ടുണ്ട്. അതുപോലെ തന്റെ നാടിനെ തനിക്കാവുന്ന വിധം ലഹരിയിൽ നിന്ന് രക്ഷിച്ച ഒരു കുട്ടിയുടെ കഥയാണിത്.സ്കൂളിൽ ഒരു പ്രസംഗം കേട്ടുകൊണ്ടിരിക്കയായിരുന്നു ആദി.അപ്പോഴാണ് തന്റെ നാട് ലഹരിക്കടിമപ്പെട്ടിരിക്കുന്നു എന്നവൻ മനസ്സിലാക്കുന്നത്.അതിൽ ഒരു മാറ്റം വരുത്തണം എന്ന് അവൻ നിശ്ചയിച്ചു.തന്റെ കൂട്ടുകാരോടും ആദി ഈ ആശയം പങ്കുവെച്ചു.അവരും അവനോടൊപ്പം കൂടി.ആദിയും കൂട്ടുകാരും സ്കൂൾ അധികൃതരുടെ അനുവാദം വാങ്ങി സ്കൂളിൽ ലഹരിവിരുദ്ധ പോസ്റ്ററുകൾ
സ്ഥാപിച്ചു. ആദി താൻ നടക്കുന്ന വഴിയിൽ എല്ലാം ഉള്ള  സിഗററ്റ് പോലെയുള്ള വസ്തുക്കൾ ചവറ്റു കൊട്ടയിൽ ഇട്ടു.കൂട്ടുകാരോടൊപ്പം വഴിയരികിൽ സിഗററ്റ് പോലെയുള്ള ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അവൻ ഉപദേശിച്ചു.ആദിയുടെ ഈ പ്രവർത്തിയെ പറ്റി അറിഞ്ഞ സ്കൂൾ അധികൃതർ അവന് ഒരു ഉപഹാരം സമർപ്പിക്കാൻ തീരുമാനിച്ചു.ഒരു തീയതി നിശ്ചയിച്ച് അവർ ആ ചടങ്ങ് നടത്തി.ചടങ്ങിൽ ആദിയും പ്രസംഗിച്ചു,"നമ്മുടെ നാട് ലഹരിക്ക് അടിമപ്പെട്ടു കഴിഞ്ഞു.നാം ഒരോരുത്തരും മുന്നിട്ടിറങ്ങയാൽ ഈ നാടിനെ നമുക്ക് രക്ഷിക്കാനാകും.ലഹരി ഉപയോഗം നമുക്ക നഷ്ടമേ ഉണ്ടാക്കു,അത് നല്ലതല്ല,അത് ഉപേക്ഷിക്കുക".ആദിയുടെ ഈ വാക്കുകൾ കേട്ട് കുറച്ചുപേരെങ്കിലും ലഹരി ഉപയോഗം നിർത്തി.അച്ഛന്റെ ഈ മാറ്റമറിഞ്ഞ ആദി ഏറെ സന്തോഷനാനായി.
നമ്മുടെ ഒരു ചെറിയ പ്രവർത്തി പലവരെയും സന്തോഷിപ്പിക്കും എന്ന് ആദി മനസ്സിലാക്കി.ലഹര് ഒരിക്കലും നല്ലതല്ല. നമ്മൾ മാറുന്നതിലൂടെ നമുക്ക് ലോകത്തെയും മാറ്റാൻ കഴിയും. ആദിയെപ്പോലെ നമ്മളും ഇതുപോലെ ഒരു ചെറിയ പ്രവർത്തി ചെയ്താൽ അത് നമ്മുടെ കുടുംബത്തെ മാത്രമല്ല നാടിനെയും സന്തോഷിപ്പിക്കാൻ കഴിയും.

# കവിത

സാന്ദ്ര A
7 B



## ചേക്കേറാ കിനാക്കൾ

എന്റെ സ്വപ്നങ്ങൾ,എന്റെ സ്വപ്നങ്ങൾ
ഞാനറിയാതെ എന്നിൽ മുളച്ച സ്വപ്നങ്ങൾ
ഒരു സൂര്യൻ പൊലിയും പോലെ,
എന്നെ വിട്ടകന്ന കിനാക്കൾ!

ആരും കാണാതെ ഒരു മരച്ചുവട്ടിൽ
ഏകനായി,ശാന്തനായി ഞാനിരിക്കെ
ഒരു ചെറു മാരുതനായി എന്നെ പുൽകിയ
കിനാക്കളെ, കിനാക്കളെ നീ എങ്ങുപോയി!

കൊക്കിലൊതുങ്ങാത്ത ഭാഗ്യങ്ങളോ
കിനാക്കളോ ഞാനിന്നു കൊതിച്ചിട്ടില്ല
ആരോ മൂളിയ ഒരു പാട്ടുമാത്രം
ഇന്നും എൻ കാതിൽ പ്രതിധ്വനിക്കെ

എന്റെ സ്വപ്നങ്ങൾ എന്റെ സ്വപ്നങ്ങൾ
ഒരു സൂര്യൻ പൊലിയും പോലെ
എന്നെ വിട്ടകന്ന എൻറെ കിനാക്കൾ

# യാത്രാനുഭവകുറിപ്പ്

ദേവദർഷ് B
8 D

ഞാൻ വർക്കല ബീച്ചിൽ ഒരിക്കൽ
കുടുംബ സമേധം പോയിരുന്നു.
വൈകിട്ട് 5 മണിക്ക് ഞങ്ങൾ വീട്ടിൽ നിന്ന്
തിരിച്ചത്.കാറിലായിരുന്നു
യാത്ര. ചാത്തന്നൂര് വഴിയാണ് ഞങ്ങൾ വർക്കലയിലേക്ക് പോയത്.
ബീച്ച്റോഡിൽ കാറ് നിർത്തി ഞങ്ങൾ ബീച്ചിലേക്ക് നടന്നു. ഞങ്ങൾ
അവിടെ എത്തിയപ്പോൾ സുര്യസ്തമനം  കണ്ടു ചക്രവാള സീമ വരെ
അവിടെ തെളിഞ്ഞു നിന്നു. ഫ്ലോട്ടിങ്ങ് ബ്രിഡ്ജിൽ കയറാം എന്നുള്ള
ഉദ്ദേശത്തിൽ വന്ന ഞങ്ങൾക്ക് നിരാശയായിരുന്നു ആദ്യം ലഭിച്ചിരുന്നു.
ഞങ്ങൾ കടലിലേക്ക് ഇറങ്ങി തിരമാലകൾക്കൊപ്പം ആർത്തുല്ലസിച്ച്
ഒഴുകി അരമണിക്കുറോളം കടലിൽ കിടന്നു. കരയക്ക് കയറിയ ഞങ്ങൾക്ക്
ഒരു സന്തോഘ വാർത്തയായിരുന്നു ടിക്കറ്റെടുത്ത  സമയമായിരന്നില്ല
ബ്രിഡ്ജിൽ കയറാൻ നേരത്തുള്ള തിരക്ക് അതിഭയങ്കര തിരക്കായിരുന്നു
അര മണിക്കുറോള്ളം നിന്നെങ്കിലും ഫലം മധുരമായിരുന്നു.ലൈഫ് ജാകറ്റിട്ട്
ബ്രിഡ്ജിലേക്ക് പ്രവേശിച്ചു. എന്തെന്നില്ലാത്ത ഉത്സാഹമായിരുന്നു. അതിന്റെ
മുകളിൽകൂടെ നടക്കുന്നത്പോലെ ആയിരുന്നു. നൂറ് മീറ്ററോളം
നീണ്ടുനിൽക്കുന്ന ബ്രിജായിരുന്നു അത് വലിയ വലിയ തിരകൾ അടിക്കുബോൾ
കൂടുതൽ പൊങ്ങുമായിരുന്നു. അവിടെ നിന്ന് ഇറങ്ങി തിരിച്ച് കാറിലേക്ക്
നടന്നു റോഡിൽ നിന്നും കാർ റിസോട്ടില്ലേക്ക് ഇട്ടത് കാരണം കുറച്ച് സമയം
ഡെസേറട്ട് ബൈക്കിൽ യാത്ര ചെയതു . വല്ലാത്തോ എക്സ്പീരിയൻസായിരുന്നു.
എന്നിട്ടും  കാറ് വരാഞ്ഞതിനാൽ ഞങ്ങൾ ശുദ ജല പൈപ്പിലേക്ക് നടന്നു.
പാറകെട്ടുകൾകിടയിൽ നിന്ന് വരുന്ന ശുദ്ധജലമാണിത്. കുടിക്കാൻ വളരെ
അനുയോജ്യമാണ് അതിനുശേഷം വഴിഅരികിൽകൂടീ നടക്കാൻ തുടങ്ങി.
ഒൻപതരയായപ്പോൾ കാർ വന്നിരുന്നു. വളരെ
സന്തോഷത്തോടെയാണ്
ഞങ്ങൾ തിരിച്ചുപോയത്.പതിനൊന്ന് മണി
ആയപ്പോൾ ഞങ്ങൾ
വീടിലെത്തി

# കവിത

ലക്ഷ്മി B
7 B



## പരാജയപ്പെടാൻ വിധിക്കപ്പെട്ടവൻ

ഹേ നീചാ
നിൻ കരങ്ങൾ ചങ്ങലയാൽ
മുറുക്കപ്പെട്ടവയാണ്
അത് മറികടക്കുവാൻ
നിനക്കാകില്ല
നിന്റെ കരങ്ങളിലുള്ളത് വെറും ചോരയല്ല
അറ്റ്ലാന്റിക്കിലെ പിരാനകളുടെ
വിസർജ്യമാണ്, മാനിഷാദാ
ഇന്നീ ജാലിയൻവാലാ ബാഗിൽ
വീണുകിടക്കുന്നത്
ശവശരീരങ്ങളല്ല
നിന്റെ ഭീരുത്വമാണ്
നീ ഇവരെ ഭയപ്പെടുന്ന
കാരണം ഈ ശവശരീരങ്ങൾ
ഒരുനാൾ ധീര മനുഷ്യരായിരുന്നു
അൽപ്പമെങ്കിലും ധൈര്യം ബാക്കിയുണ്ടെങ്കിൽ
ഇന്ത്യക്കായി മരിച്ച ഈ, വീരൻമാരുടെ
അരികിൽ നിന്നും പോകൂ
എങ്കിലും നീ പരാജയപ്പെട്ട
വെള്ളക്കാരാ...

# കവിത

ലക്ഷ്മി B
7 B



## A Playful death

Cool breeze is patting
Cute flowers are smiling
The snake is crawling
The birds are chirping

All these are beautiful
and these makes me cheerful
My heart is beating fastly
cause I ate the medicines
that are costly
I am shivering
and my brows and lashes
became grey
The only thing I can do
is to pray

The time has arrived
and I am being prepared
I have to go
and I can't see anymore the zoo

The sky is crying
the clouds are getting dark
and my dog barks

I'm looking out of the window
and I'm lying on the pillow
At last I smiled
while I'm shaking hands to my death.

# സ്കൂൾ മികവുകൾ

## ശാസ്ത്രരംഗം ജില്ലാതലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ










സ്കൂൾ പത്രം : 'ദ്യുതി' യുടെ പ്രകാശനം

# സ്കൂൾ മികവുകൾ



## അധ്യാപക ദിനത്തിൽ കുട്ടികൾ അധ്യാപകരുടെ റോളിൽ





ചിങ്ങം 1 - കർഷകദിനം : കർഷക രക്ഷിതാവിനെ ആദരിച്ചു

# സ്കൂൾ മികവുകൾ







പുതിയ ഗ്രന്ഥപുരയുടെ ഉത്ഘാടനം
ശ്രീ. ഉല്ലാസ് കോവൂർ നിർവഹിച്ച

# സ്കൂൾ മികവുകൾ



## District Mathematics Fair



ഐശ്വര്യ ബി. 8 B — Geomatrical chart



നിരഞ്ജൻ എസ് . 10 D — Applied constructions

അമൃത . 10 C — Bhaskaracharya seminar



ദേവദർശ് 8 D — Still model

Krishna U
Volleyball net making
5 th A grade





Jariyath
garment making
B grade

# സ്കൂൾ മികവുകൾ

ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പ്: ശ്രീപാർവതി



SPC സംസ്ഥാന ക്യാമ്പ്: ശ്രീരശ്മി



ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പ്: മുഹമ്മദ് സിദ്ധിഖ്



# സ്കൂൾ മികവുകൾ

Subin V S
Metal engraving 3rd
A grade



Vishnu R (UP)
IT Quiz Ist



fabric printing using vegetable
4th Agrade



Bharathanatyam



# OUR TEACHERS



സ്വപ്നങ്ങൾ അക്ഷരങ്ങളായി ചാലിച്ചവർക്ക്,
ആ സ്വപ്നങ്ങൾക്ക് നിറം പകർന്നവർക്ക്,
നിറങ്ങൾക്ക് വരിയും നിരയും
നൽകിയവർക്ക്,
കരുത്തും തണലും പകർന്നവർക്ക്,

നന്ദി ...